بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 18.12.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്‌കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## ഖുലഫാഉർ റാശിദീൻ :
## ഹദ്റത്ത് അലി(റ) (ഭാഗം-4)

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَ اَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَ رَسُوۡلُهٗ۔ اَمَّا بَعۡدُ

فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ۔ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ۔

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۙ﴿۱﴾ الرَّحۡمٰنِ الرَّحِيۡمِ ۙ﴿۲﴾ مٰلِكِ يَوۡمِ الدِّيۡنِ ؕ﴿۳﴾ اِيَّاكَ نَعۡبُدُ وَ اِيَّاكَ نَسۡتَعِيۡنُ ؕ﴿۴﴾

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۙ﴿۵﴾ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۬ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَ لَا الضَّآلِّيۡنَ ﴿۷﴾

തശഹ്ഹുദും തഅവ്വുദും സൂറ: ഫാതിഹയും ഓതിയതിനു ശേഷം ഹുസൂർ (അയ്യദഹുല്ലാഹ്) പറഞ്ഞു:

ഹദ്റത്ത് അലി(റ)നെ സംബന്ധിച്ച അനുസ്മരണമാണ് നടക്കുന്നത്.

അദ്ദേഹത്തിന് തിരുനബി(സ)ന്റെ അവസാന രോഗാവസ്ഥയിൽ ചെയ്യാൻ കഴിഞ്ഞ സേവനങ്ങളെ സംബന്ധിച്ച് വിവരണം ഇപ്രകാരമാകുന്നു. തിരുനബി(സ) രോഗാതുരനായി രോഗം മൂർച്ഛിച്ചപ്പോൾ, ഒരിക്കൽ തിരുനബി(സ) രണ്ട് ആളുകൾക്കിടയിൽ അവരുടെ സഹായത്തോടെ പുറപ്പെട്ടു. തിരുനബി(സ)ന്റെ കാൽ ഭൂമിയിൽ (ഉരതുന്നതുകാരണം) ഭൂമിയിൽ വര വീഴുന്നുണ്ടായിരുന്നു. അതായത് രോഗക്ഷീണം കാരണം അങ്ങയുടെ പാദങ്ങൾ ഉയരുന്നുണ്ടായിരുന്നില്ല. രോഗാവസ്ഥയിൽ നബി(സ)തിരുമേനിയെ താങ്ങി കൊണ്ടുപോയ ഈ രണ്ടുപേരിൽ ഒരാൾ, ഹദ്റത്ത് അബ്ബാസും രണ്ടാമത്തെ ആൾ, ഹദ്റത്ത് അലി ബിൻ അബീത്വാലിബും ആയിരുന്നു.

ഹദ്റത്ത്ആമിർ നിവേദനം ചെയ്യുന്നു: തിരുനബി(സ)ന്റെ വഫാത്തിന് തുടർന്ന്, ഹദ്റത്ത് അലി, ഹദ്റത്ത് ഫദ്‌ൽ, ഹദ്റത്ത്ഉസാമ ബിൻ സയ്ദ് എന്നിവർ ചേർന്നാണ് തിരുനബി(സ)യെ കുളിപ്പിച്ചത്. ഇവർ തന്നെയാണ് തിരുനബി(സ)യെ ഖബറിലേക്ക് ഇറക്കിയതും.

ഹദ്റത്ത്അലി, ഹദ്റത്ത് അബൂബക്കറിന് ബയ്അത്ത് ചെയ്തതിനെപ്പറ്റി വിവിധതരം നിവേദനങ്ങൾ വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച്ചില നിവേദനങ്ങളിൽ ഹദ്റത്ത് അലി പൂർണ്ണ തൃപ്തിയോടേയും താൽപര്യത്തോടേയും ഹദ്റത്ത് അബൂബക്കറിന് ബയ്അത്ത് ചെയ്തു എന്നാണ് ചിലർ എഴുതിയിട്ടുള്ളത്. എന്നാൽ മറ്റു ചിലർ ഇതിനു നേർവിപരീതമായാണ് എഴുതുന്നത്.

ഏതായിരുന്നാലും ഹദ്റത്ത് അബൂ സഈദ് ഖുദ്‌രി നിവേദനം ചെയ്യുന്നു: മുഹാജിരീംകളും അൻസ്വാറുകളും ഹദ്റത്ത് അബൂബക്കറിന് ബയ്അത്ത്ചെയ്തു. ഹദ്റത്ത് അബൂബക്കർ മിമ്പറിൽ കയറി ജനങ്ങൾക്കിടയിൽ നോക്കിയപ്പോൾ ഹദ്റത്ത് അലിയെ കണ്ടില്ല. അൻസ്വാറുകളിൽപ്പെട്ട ചില ആളുകൾ പോയി, ഹദ്റത്ത് അലിയെ കൊണ്ടുവന്നു. ഹദ്റത്ത് അബൂബക്കർ ഹദ്റത്ത് അലിയെ സംബോധന ചെയ്തു കൊണ്ട് പറഞ്ഞു: തിരുനബി(സ)ന്റെ പിതൃവ്യപുത്രാ! റസൂലുല്ലാഹ്(സ)ന്റെ ജാമാതാവേ! നിങ്ങൾ മുസ്‌ലിംകളുടെ ശക്തി ക്ഷയിപ്പിക്കാൻ ആഗ്രഹിക്കുകയാണോ? ഹദ്റത്ത് അലി പറഞ്ഞു: റസൂലുല്ലായുടെ ഖലീഫ! എന്നെ പിടികൂടരുത്. തുടർന്ന് അദ്ദേഹം ഹദ്റത്ത് അബൂബക്കറിന് ബയ്അത്ത് ചെയ്തു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഹദ്റത്ത് അലി(റ) ആദ്യമാദ്യം ഹദ്റത്ത് അബൂബക്കറിന് ബയ്അത്ത് ചെയ്യുന്നതിൽ നിന്ന് പിന്തിരിഞ്ഞു നിന്നിരുന്നു. പക്ഷേ വീട്ടിൽ ചെന്നപ്പോൾ എന്ത് തോന്നിയെന്ന് അറിയില്ല, തലപ്പാവ് പോലുംകെട്ടാതെ ഉടൻ തന്നെ തൊപ്പിയും ധരിച്ച് ബയ്അത്ത് ചെയ്യാൻ എത്തി. തലപ്പാവ് പിന്നീട് വരുത്തുകയാണുണ്ടായത്. വീട്ടിൽ എത്തിയപ്പോൾ അദ്ദേഹത്തിന്റെ മനസ്സിൽ അത് (ബയ്അത്തിൽ നിന്ന്വിട്ടു നിൽക്കുന്നത്) ധിക്കാരമാണെന്ന് തോന്നിയതായിരിക്കാം. അതുകൊണ്ടുതന്നെ ശ്രീഘ്രഗതിയിൽ തലപ്പാവ് പോലും കെട്ടാതെ അതായത് വസ്ത്രം പോലും ശരിക്ക് ധരിക്കാതെ വേഗം വേഗം വരികയുണ്ടായി.

ഹുസൂർ തിരുമനസ്സ് പറയുന്നു: ആ സമയത്ത് ഹദ്റത്ത് അബൂബക്കറല്ല, മറിച്ച് ഹദ്റത്ത് അലിയായിരുന്നു ഖലീഫ ആകേണ്ടിയിരുന്നതെന്ന് ഹദ്റത്ത് അബൂബക്കറിനെ സംബന്ധിച്ച് ചിലയാളുകൾ ആരോപണം ഉന്നയിക്കുന്നു. ഈ കാര്യത്തിന് വിശദീകരണം നല്കികൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

സിദ്ദീഖുൽ അക്ബർ ഭൗതികതക്കുംഅതിന്റെ നേട്ടങ്ങൾക്കും പ്രാമുഖ്യം നൽകിയെന്നും അവകാശ ധ്വംസകനായിരുന്നുവെന്നും സങ്കല്പിച്ചാൽ അത്തരമൊരു സാഹചര്യത്തിൽ അല്ലാഹുവിന്റെ സിംഹം അലിയേയും മുനാഫിഖീംകളിൽ ഗണിക്കാനും പറയാനും

നമ്മൾ നിർബന്ധിതരാകുന്നതാണ്. നഊദുബില്ലാഹ്. അദ്ദേഹം ഭൗതികതയെ പരിത്യജിച്ചു അല്ലാഹുവിൽ ശ്രദ്ധാലുവല്ലെന്നും മാത്രമല്ല, അദ്ദേഹം വഞ്ചനയിൽ അകപ്പെടുന്നതാണെന്നും അതിന്റെ സൗന്ദര്യത്തിൽ ആകൃഷ്ടനാണെന്നും അതുകൊണ്ടാണ് അദ്ദേഹം മുർത്തദ്ദുമാരുമായുള്ള കൂട്ടുകെട്ട് ഒഴിവാക്കാതിരുന്നതൊന്നും പറയേണ്ടിവരും. ഇദ്ദേഹം ചതിയന്മാരെ പോലെ ചേരുകയും ഏകദേശം മുപ്പത് വർഷങ്ങളോളം കാപട്യം കൊണ്ടു നടക്കുകയും ചെയ്തു. ഇനി അങ്ങനെ ഹദ്റത്ത് അബൂബക്കർ, അലി(റ)ന്റെ വീക്ഷണത്തിൽ അവകാശധ്വംസകൻ ആയിരുന്നുവെങ്കിൽ പിന്നെ എന്തിനാണ്അദ്ദേഹം അബൂബക്കറിന് ബയ്അത്ത് ചെയ്യാൻ തയ്യാറായത്? എന്തുകൊണ്ട് അദ്ദേഹം അക്രമവും അനീതിയും മതനിരാസവുമുള്ള സ്ഥലത്തു നിന്ന്മറ്റു നാടുകളിലേക്ക് പാലായനം ചെയ്തില്ല? അദ്ദേഹത്തിന് ഹിജ്റത്ത് ചെയ്ത് പോകാൻ മാത്രം അല്ലാഹുവിന്റെ ഭൂമി വിശാലമായിരുന്നില്ലേ? അതല്ലേ തഖ്‌വയുള്ളവരുടെരീതി. കൂറുകാണിച്ചിരുന്ന ഇബ്റാഹിമിനെ നോക്കൂ! അദ്ദേഹം സത്യത്തിനുവേണ്ടി എത്രമാത്രം സ്ഥൈര്യവാനായിരുന്നു, എത്രമാത്രം ധൈര്യവാനായിരുന്നു.അദ്ദേഹത്തെ തീയിലിട്ടു. പക്ഷേ ദ്രോഹികളെ ഭയന്നുകൊണ്ട് കാപട്യം സ്വീകരിച്ചില്ല. ഇതാണ് നന്മയുള്ളവരുടെ ചരിത്രം. അവർ ഖഡ്ഗങ്ങളെ ഭയക്കുന്നില്ല. അവർ കാപട്യത്തെ വലിയ പാപമായും നിർലജ്ജയായും ധിക്കാരമായും ഗണിക്കുന്നു.

സിദ്ദീഖും ഫാറൂഖുമൊക്കെ അവകാശധ്വംസകരാണെന്ന് അറിഞ്ഞുകൊണ്ട് എങ്ങനെയാണ്, എന്തിനാണ് ഹദ്റത്ത് അലി(റ) അവർക്ക് ബയ്അത്ത് ചെയ്തതെന്ന കാര്യം നമ്മെ അത്ഭുതപ്പെടുത്തുന്നു. പൂർണ്ണ ആത്മാർത്ഥതയോടെയും വിശ്വസ്തതയോടെയും അവരെ അനുഗമിച്ചു. അക്കാര്യത്തിൽ അദ്ദേഹം ഒരിക്കലും ദൗർബല്യം കാണിച്ചില്ല. വെറുപ്പ് പ്രകടിപ്പിച്ചതുമില്ല.

ചുരുക്കത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) വളരെ വ്യക്തമായ നിലയിൽ പറയുന്നു, ഹദ്റത്ത് അലി ഒരിക്കലും തന്റെ മുൻകാല ഖലീഫമാരെ എതിർത്തിട്ടുണ്ടായിരുന്നില്ല. മറിച്ചു അവർക്ക് ബയ്അത്ത് ചെയ്യുകയാണുണ്ടായത്. മാത്രമല്ല നിങ്ങൾ ഹദ്റത്ത് അലിയെ സംബന്ധിച്ച് അദ്ദേഹം ഹദ്റത്ത് അബൂബക്കറിന് ബയ്അത്ത് ചെയ്തില്ല എന്ന് പറയുന്നത് ഹദ്റത്ത് അലിയുടെ സ്ഥാനം ഉയർത്തുകയല്ല മറിച്ച് താഴ്ത്തുകയാണ് ചെയ്യുന്നത്.

ആദ്യകാലത്ത് മൂന്ന് ഖലീഫമാരുടെ, കാലത്ത് ഹദ്റത്ത് അലിയുടെ സേവനങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വിവരിച്ചുകൊണ്ട് ഹുസൂർ തിരുമനസ്സ് പറയുന്നു:

ഹദ്റത്ത് അബൂബക്കർ, ഹദ്റത്ത് ഉസാമയുടെ സൈന്യത്തെ പറഞ്ഞയച്ചപ്പോൾ, അങ്ങനെ ഹദ്റത്ത് അബൂബക്കറിന്റെ അടുക്കൽ വളരെ കുറച്ചു പേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അപ്പോൾ നിരവധി കാട്ടറബികൾ മദീനയെ പിടിച്ചെടുക്കാൻ ആഗ്രഹിക്കുകയുംമദീനയെ ആക്രമിക്കാൻ പദ്ധതിയിടുകയും ചെയ്തു. അതേ തുടർന്ന് ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് മദീനയിൽ പ്രവേശിക്കാനുള്ള വിവിധ വഴികളിൽ മദീനക്ക് ചുറ്റും കാവൽക്കാരെ നിശ്ചയിച്ചു. അവർ തങ്ങളുടെ സംഘത്തോടൊപ്പം മദീനക്ക് ചുറ്റും കാവൽ നിന്നു കൊണ്ട് രാത്രി കഴിച്ചുകൂട്ടിയിരുന്നു. ഹദ്റത്ത് അലി, ആ സമയത്തും സംരക്ഷണത്തിനുവേണ്ടി നിയോഗിക്കപ്പെട്ട ഒരു സൈന്യത്തിന്റെ മേൽനോട്ടക്കാരനായിരുന്നു.

ഹദ്റത്ത് ഉമർ തന്റെ ഖിലാഫത്ത് കാലത്ത് ചില യാത്രാവസരങ്ങളിൽ ഹദ്റത്ത് അലിയെ തന്റെ സ്ഥാനത്ത് മദീനയുടെ അമീർ ആയി നിശ്ചയിച്ചിരുന്നു.

ത്വാരിഖ് ത്വിബ്രിയിൽ പറയുന്നു: ജസർ സംഭവത്തിൽ മുസ്‌ലിംകൾക്ക് ഇറാനിയൻ സേനക്ക് എതിരിൽ ഒരു തരം പരാജയം രുചിക്കേണ്ടിവന്നു. അപ്പോൾ ജനങ്ങളുടെ അഭിപ്രായപ്രകാരം ഹദ്റത്ത് ഉമർ, ഇസ്‌ലാമിക സൈന്യത്തോടൊപ്പം ഇറാനിലെ അതിർത്തിയിൽ പോകാമെന്ന് തീരുമാനിച്ചു. ആ സന്ദർഭത്തിൽ അതായത് തന്റെ അഭാവത്തിൽ ഹദ്റത്ത് അലിയെയാണ് മദീനയുടെ ഗവർണറായി നിശ്ചയിച്ചത്.

ഹദ്റത്ത് ഉസ്മാന്റെ ഖിലാഫത്ത് കാലത്തുണ്ടായ ഫിത്നകളേയും ഫസാദുകളേയും ഇല്ലാതാക്കാൻ ഹദ്റത്ത് അലി, അദ്ദേഹത്തിന് ആത്മാർഥമായി അഭിപ്രായങ്ങൾ നൽകിക്കൊണ്ടിരുന്നു.

മിസ്റികൾ ഹദ്റത്ത് ഉസ്മാന്റെ വീട് വളഞ്ഞു. അത് എത്രത്തോളം ശക്തമായെന്നാൽ അന്നപാനീയങ്ങൾ പോലും തടയപ്പെട്ടു. ഇതേപ്പറ്റി ഹദ്റത്ത് അലിക്ക് അറിവ് കിട്ടിയപ്പോൾ അദ്ദേഹം വെള്ളം നിറച്ച മൂന്ന് പാത്രങ്ങൾ അദ്ദേഹത്തിനടുത്തേക്ക് കൊടുത്തുവിട്ടു. എന്നാൽ കലാപകാരികളുടെ പ്രതിരോധം കാരണം ഈ വെള്ളം നിറച്ച പാത്രങ്ങൾ ഹദ്റത്ത് ഉസ്മാന്റെ വീട്ടിലേക്ക് എത്തുന്നുണ്ടായിരുന്നില്ല. അതായത് കൊണ്ടുപോകാൻ അനുവദിക്കുന്നുണ്ടായിരുന്നില്ല. ഈ പാത്രങ്ങൾ എത്തിക്കുന്ന ശ്രമത്തിൽ ബനൂഹാശിമിലേയും ബനൂ ഉമയ്യായിലേയും നിരവധി അടിമകൾക്ക് പരിക്കുപറ്റി. അവസാനം വെള്ളം ഹദ്റത്ത് ഉസ്മാന്റെ വീട്ടിലെത്തി. ഹദ്റത്ത് ഉസ്മാനെ വധിക്കാനുള്ള പദ്ധതിയാണെന്ന് അറിഞ്ഞപ്പോൾ ഹദ്റത്ത് അലി തന്റെ രണ്ട് മക്കളോട് അതായത് ഇമാം ഹസനോടും ഇമാം ഹുസയ്നോടും പറഞ്ഞു: നിങ്ങൾ വാളുമെടുത്ത് ഹദ്റത്ത് ഉസ്മാന്റെ വാതിൽക്കൽ ചെന്ന് നിൽക്കുക. ഓർക്കുക! ഒരു കലാപകാരിയും അദ്ദേഹത്തിന് അടുത്തെത്താൻ ഇടവരരുത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്, ഹദ്റത്ത് ഉസ്മാന്റെ ശഹാദത്തിനെ തുടർന്നുള്ള സംഭവങ്ങൾ വിവരിച്ചുകൊണ്ട് ഒരു സ്ഥലത്ത് പറയുന്നു:

ഒന്നു രണ്ടു ദിവസം കൊള്ളയടിക്കുന്നത് സജീവമായിരുന്നു. എന്നാൽ ആവേശം തണുത്തപ്പോൾ കലാപകാരികൾ തങ്ങളുടെ പര്യവസാനത്തെ പറ്റി ആശങ്കപ്പെടാനും ഇനിയെന്താകുമെന്ന കാര്യത്തിൽ ഭയപ്പെടാനും തുടങ്ങി. ഹദ്റത്ത് മുആവിയ ശക്തനാണെന്നും അദ്ദേഹം തീർച്ചയായും ഇതിന് പകരം ചോദിക്കും എന്ന് കരുതി ചില ആളുകൾ ഈജിപ്തിലേക്ക് പോയി. അവിടെയെത്തി ഹദ്റത്ത് ഉസ്മാൻ ശഹീദായയെന്ന് വിലപിക്കാനും ആരെങ്കിലും അതിനു പകരം ചോദിക്കണമെന്നും പറയാനും തുടങ്ങി. ചിലർ വഴിയിൽ ഹദ്റത്ത് സുബയ്റിനേയും ഹദ്റത്ത് ആയിശയേയും കണ്ടു പറഞ്ഞു: ഇസ്‌ലാമിന്റെ ഖലീഫ വധിക്കപ്പെടുകയും മുസ്‌ലിംകൾ നിശബ്ദരായിരിക്കുകയും ചെയ്യുന്നത് എത്രമാത്രം അക്രമമാണ്, അനീതിയാണ്. ചിലയാളുകൾ ഹദ്റത്ത് അലിയുടെ അടുക്കൽ ഓടിയെത്തി പറഞ്ഞു: ഇപ്പോൾ പ്രയാസത്തിന്റെ സമയമാണ്. ഇസ്‌ലാമിക സാമ്രാജ്യം തകരുമെന്ന ആശങ്കയുണ്ട്. ആയതിനാൽ താങ്കൾ ബയ്അത്ത് സ്വീകരിക്കണം. അങ്ങനെ ജനങ്ങളുടെ ഭയംമാറി സമാധാനം നിലനിൽക്കുമാറാകണം. മദീനയിലുള്ള സ്വഹാബാക്കളും ഐകകൺഠ്യേന ഇതേ അഭിപ്രായംതന്നെ പ്രകടിപ്പിച്ചു. അതായത് ഈ സമയത്ത് താങ്കൾ ഈ ഭാരം ഏറ്റെടുക്കുന്നത് പുണ്യവും ദൈവതൃപ്തിക്ക് നിദാനവുമായിരിക്കും. അങ്ങനെ നാലുപാടുനിന്നും അദ്ദേഹത്തെ നിർബന്ധിച്ചപ്പോൾ, അദ്ദേഹം പല തവണ നിരാകരിച്ചതാണെങ്കിലും നിർബന്ധിതാവസ്ഥയിൽ അത് ഏറ്റെടുക്കുകയും ബയ്അത്ത് സ്വീകരിക്കുകയുംചെയ്തു. ഹദ്റത്ത് അലിയുടെ ഈ പ്രവർത്തി വളരെ യുക്തിഭദ്രമായിരുന്നു എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. അദ്ദേഹം അന്ന് ബയ്അത്ത് സ്വീകരിച്ചില്ലായിരുന്നുവെങ്കിൽ അദ്ദേഹവും ഹദ്റത്ത് മുആവിയായും തമ്മിലുള്ള യുദ്ധത്തിൽ ഉണ്ടായ നഷ്ടത്തേക്കാൾ വലിയ നഷ്ടം ഇസ്‌ലാമിന് സംഭവിക്കുമായിരുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഇന്ന് വീണ്ടും ഞാൻ അൽജീരിയയിലെ അഹ്മദികൾക്ക് വേണ്ടിയും പാകിസ്ഥാനിലെ അഹ്മദികൾക്ക് വേണ്ടിയും ദുആക്ക് ആഹ്വാനം ചെയ്യാൻ ആഗ്രഹിക്കുന്നു. അല്ലാഹു അവരെ സംരക്ഷിക്കുമാറാകട്ടെ. അൽജീരിയയിലും അവസ്ഥകൾ കഠിനമായി കൊണ്ടിരിക്കുന്നു. അവിടെയുള്ള ഒരു സർക്കാർ വക്കീൽ അഹ്മദികൾക്ക് മേൽ കൂടെകൂടെ കേസുണ്ടാക്കികൊണ്ടിരിക്കുന്നു.

പാക്കിസ്ഥാനിലും പ്രയാസങ്ങളിൽ പെടുത്തുകയാണ്. അല്ലാഹു പ്രയാസങ്ങൾ ഉണ്ടാക്കുകയും ഏതെങ്കിലും വിധത്തിൽ ശത്രുത കാണിക്കുകയും ചെയ്യുന്നവരെ ഗുണപാഠദായകമായ വിധത്തിൽ ശിക്ഷിക്കുകയും എത്രയുംവേഗം അഹ്മദികളുടെ അവസ്ഥകൾ നന്നാക്കുകയും അവരുടെ പ്രയാസങ്ങൾ എളുപ്പമാക്കുകയും ചെയ്യട്ടെ. അതോടൊപ്പം പാക്കിസ്ഥാനിലെ അഹ്മദികൾ പ്രത്യേകിച്ചും ദു:ആകളിൽ ബദ്ധശ്രദ്ധരാകേണ്ടിയിരിക്കുന്നു. ശ്രദ്ധ നൽകേണ്ട വിധം ഇക്കാര്യത്തിൽ ശ്രദ്ധയില്ല. ആയതിനാൽ നേരത്തേതിലും ഉപരി ദു:ആകളിൽ ശ്രദ്ധ ചെലുത്തുക. അല്ലാഹു നമ്മെ എത്രയും വേഗം പ്രയാസങ്ങളിൽ നിന്ന് പുറത്തെത്തിക്കുകയും എളുപ്പമുണ്ടാക്കുകയും നമുക്ക് സ്വതന്ത്രമായി പാക്കിസ്ഥാനിലും ലോകത്തുള്ള എല്ലാ കോണുകളിലും സന്ദേശം എത്തിക്കാൻ കഴിയുകയും ചെയ്യുമാറാകട്ടെ.

ഖുത്ബയുടെ അവസാനത്തിൽ, ഡോ. ത്വാഹിർ അഹ്മദ് സാഹിബ് റബ്‌വ, ഹബീബുല്ലാഹ് മസ്ഹർ സാഹിബ്, ജനാബ് ഖലീഫ ബശീറുദ്ദീൻ അഹ്മദ് സാഹിബ്, ആമിനാ സാഹിബ എന്നിവരുടെ സ്വഭാവ മഹിമകൾ, ഹുസൂർ തിരുമനസ്സ് വിവരിക്കുകയും അവരുടെ ജനാസ നമസ്കാരം നിർവഹിക്കുമെന്ന് വിളംബരപ്പെടുത്തുകയും ചെയ്തു.

اَلْحَمْدُ لِلّٰہِ نَحمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤمِنُ بِہٖ وَنَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ ۔ وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ ۔ عِبَادَاللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ ۔

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 18.12.2020
Malayalam Translation: **Moulavi H.Shamsuddin, Kavassery** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516